എസ്റ്റിമേറ്റ് പ്രതീക്ഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തികരിക്കത്തക്ക വിധത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

3. ആലപ്പുഴ കനാൽ നവീകരിക്കുന്നതിനും മാലിന്യങ്ങൾ നീക്കി വൃത്തിയാക്കുന്നതിനുമായി വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു പദ്ധതി നടപ്പിലാക്കുന്നതിനായിട്ടുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു.

4. കൂടാതെ, ആലപ്പുഴ-കോട്ടയം, കോട്ടയം-വൈക്കം, ആലപ്പുഴ-ചങ്ങനാശ്ശേരി ജലപാതകൾ വികസിപ്പിക്കുന്നതിന് നാഷണൽ ഹൈവേ പ്രോജക്ടിൽ കൂടി ഉൾപ്പെടുത്തി ലോകബാങ്കിന്റെ സഹായം തേടുന്നതിനുള്ള നടപടികൾ എടുത്ത് വരുന്നുണ്ട്.

5. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിന് താഴെ കാണിച്ചിരിക്കുന്ന ജലപാതകളുടെ വികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ ഉപരിതലഗതാഗത മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്.

ബേയ്പൂർ-കല്ലായി കനാൽ	-	1080 ലക്ഷം രൂപ
മാഹി-വളപ്പട്ടണം	-	150 കോടി രൂപ
വടകര-മാഹി കനാൽ	-	1692 ലക്ഷം രൂപ

കൂടാതെ കൊറ്റി-കോട്ടപ്പുറം കനാലിന്റെ വികസനത്തിന് 321.21 ലക്ഷം രൂപ ചെലവ് വരുന്ന ഒരു പദ്ധതിയ്ക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച് കഴിഞ്ഞിട്ടുണ്ട്.

(ബി,സി&ഡി) കൊല്ലം മുതൽ കോട്ടപ്പുറം (കൊടുങ്ങല്ലൂർ) വരെയുള്ള ഭാഗവും ഉദ്യോഗമണ്ഡൽ കനാലും ചമ്പക്കര കനാലും ദേശീയജലപാത 3 ആയി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച് കഴിഞ്ഞിട്ടുള്ളതാണ്. ദേശീയജലപാത 3 തെക്കോട്ട് കോവളം വരെയും വടക്കോട്ട് കാസർഗോഡ് വരെയും നീട്ടുന്നതിനുവേണ്ടിയു ള്ള സാദ്ധ്യതാപഠന റിപ്പോർട്ട് ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആവശ്യപ്രകാരം 'നാട്ട്പാക്ക്' തയ്യാറാക്കുകയും പ്രസ്തുത റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി നാട്ട്പാക്ക് നേരിട്ട് ഉപരിതല ഗതാഗതമന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് അംഗീകരിച്ച്, കോവളം വരെയും കാസർഗോഡ് വരെയും ദേശീയജലപാത നീട്ടിക്കഴിഞ്ഞാൽ, ആ ഭാഗത്ത് വരുന്ന എല്ലാ വികസന പ്രവർത്തനങ്ങളും കേന്ദ്ര സർക്കാരിന്റെ ചെലവിൽ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ നേരിട്ടാണ് നടത്തുന്നത്.

കായംകുളം മണ്ഡലത്തിലെ മേജർ ഇറിഗേഷൻ കനാലുകളുടെ നവീകരണവും വികസനവും

39(942) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) നാല് വർഷം മുൻപ് കായംകുളം മണ്ഡലത്തിലെ മേജർ ഇറിഗേഷൻ കനാലുകളുടെ സമഗ്രമായ നവീകരണവും വികസനവും ലക്ഷ്യമാക്കി സമർപ്പിച്ച 360 ലക്ഷം രൂപയുടെ പ്രോജക്ടിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദീകരിക്കുമോ ;

(ബി) ഇത് സംബന്ധിച്ച് വകുപ്പ് മന്ത്രിക്ക് കത്തുകളായും നിയമസഭാ ചോദ്യങ്ങളായും വകുപ്പ് മേധാവിക്ക് നിവേദനങ്ങളായും പലതവണ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഈ പദ്ധതി ഇതുവരെ നടപ്പിലാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഇതുസ്സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ തയ്യാറാകുമോ ;

(ഡി) ജനഹിതം മാനിച്ച് പ്രോജക്ട് അടിയന്തിരമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത വകുപ്പ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുമോ ;

(ഇ) ഈ പ്രോജക്ട് നടപ്പിലാക്കണമെന്ന സ്ഥലം എം.എൽ.എ.യുടെ ആവശ്യം പരിഗണിക്കുമോ ?

ഉത്തരം

(എ,ബി,സി,ഡി&ഇ) കായംകുളം മണ്ഡലത്തിലെ കരിപ്പുഴ കനാലിന്റെയും മലയൻ കനാലിന്റെയും സംരക്ഷണ ജോലികൾ മാത്രം ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് 1997 ആഗസ്റ്റ് മാസത്തിൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് ലഭിച്ചിരുന്നു. ചീഫ് എഞ്ചിനീയർ പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചശേഷം ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ചിരുന്നു. എല്ലാ പണികളും ഉൾപ്പെടുത്തി സാങ്കേതികമായി പരിശോധിച്ച് സമർപ്പിക്കാൻ ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായി. അപ്രകാരം കനാലുകളുടെ താത്കാലികാവശ്യാർത്ഥം സംരക്ഷിക്കുന്നതിന് കരിപ്പുഴ കനാലിന് 102 ലക്ഷം രൂപയുടെയും മലയൻ കനാലിന് 118.50 ലക്ഷം രൂപയുടെയും അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും ലഭിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ പ്രസ്തുത പണികൾകൂടി ഉൾപ്പെടുത്തി കേന്ദ്രസഹായം ലഭ്യമാക്കുന്നതിലേയ്ക്കായി കേന്ദ്രസർക്കാരിന് അയച്ചിട്ടുണ്ട്. ജനഹിതം മാനിച്ചും ബഹു.എം.എൽ.എ.യുടെ നിവേദനത്തിന്റെയും അടിസ്ഥാനത്തിലാണ് പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. കേന്ദ്രാനുമതിക്ക് വിധേയമായി മാത്രമേ തുടർ നടപടികൾ എടുക്കുവാൻ സാധിക്കുകയുള്ളൂ.

വെള്ളാട്ടുകൊല്ലി ഒറ്റത്തെ റഗുലേറ്റർ -കം- ബ്രിഡ്ജുകളുടെ നിർമ്മാണം

40(943) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിക്കൂർ നിയമസഭാ മണ്ഡലത്തിൽപ്പെട്ട വെള്ളാട്ടുകൊല്ലി ഒറ്റത്തെ എന്നി റഗുലേറ്റർ-കം-ബ്രിഡ്ജുകളുടെ നിർമ്മാണ പ്രവർത്തികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly